


കേരള പൊതു വിദ്യാഭ്യാസ വകുപ്പ്








# വൈഖരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ഗവ. ഹയർസെക്കന്ററി സ്കൂൾ കാട്ടിലങ്ങാടി - താനൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# വൈഖരി

**ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ**

**കാട്ടിലങ്ങാടി**

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ വെളിച്ചത്തിൽ ഗുണമേന്മയുള്ള പ്രവർത്തനത്തിലൂടെ വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്തുകയും മികവിന്റെ കേന്ദ്രമാക്കി മാറ്റുകയും ചെയ്യുന്നതിനുള്ള ഒരു പദ്ധതി രേഖയാണിത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയാണ് ഇത് രൂപപ്പെടുത്തിയിട്ടുള്ളത് പഠന പ്രവർത്തനങ്ങളും പഠനാനുബന്ധ പ്രവർത്തനങ്ങൾ ആയ ക്ലബ്ബ് പ്രവർത്തനങ്ങളും, തനത് പരിപാടികളും, മേളകളും , പരിപോഷണ പ്രവർത്തനങ്ങളും ഉൾച്ചേർത്തുകൊണ്ട് സമഗ്രമായ പദ്ധതിയാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് .കുട്ടികളിലെ ധാരണകളും , നൈപുണികളും ചിട്ടപ്പെടുത്തുന്നതിലൂടെ അവരിലെ സർവ്വതോഹമായ കഴിവുകൾ ഉയർന്ന തലത്തിൽ എത്തിച്ച് പഠനം മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത് അറിവിന്റെ നിർമ്മാണത്തിൽ ആഭിമുഖ്യവും ആത്മവിശ്വാസവും നേടിയെടുക്കുക എന്നത് അതിൻറെ ഭാഗമാണ്. വരുംകാലങ്ങളിൽ ഈ സ്കൂൾ എങ്ങനെ ആയിരിക്കണം എന്ന് സമയബന്ധിതമായി ആസൂത്രണം ചെയ്യുകയാണ് ഇതിലൂടെ. പിടിഎ , എസ്. എം. സി , പൂർവവിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, നാട്ടുകാർ, സന്നദ്ധ സംഘടനകൾ, അഭ്യുദയകാംക്ഷികൾ എന്നിവരെ ചേർത്ത് നിർത്തി കൊണ്ടുള്ള ജനപങ്കാളിത്തത്തോടെയുള്ള കാര്യക്ഷമമായ പ്രവർത്തനമാണ് നടത്തേണ്ടത്. ഗുണപ്രദമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കേണ്ടതുണ്ട്. എല്ലാതരത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും നിലവാരം പരിഗണിച്ചുകൊണ്ടുള്ള രീതിയിലാണിത് തയ്യാറാക്കപ്പെട്ടിട്ടുള്ളത് സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെയും, സാഹചര്യങ്ങളുടെയും ഘടനയിലും ഏറെ മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. സാമ്പത്തിക സ്രോതസ്സ് എന്നത് തീർച്ചയായും ഇവിടെ ഒരു ഘടകം തന്നെയാണ് കൂട്ടായ്മയിലൂടെ അതിനുള്ള സമാഹരണം കണ്ടെത്താനാവും എന്നതാണ് പ്രതീക്ഷ.

# നേട്ടങ്ങൾ /നാഴികക്കല്ലുകൾ

1980 വരെ 7 മുറികൾ ഉള്ള ഓട് മേഞ്ഞ ഒരു കെട്ടിടം മാത്രമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. കാലക്രമേണ വിവിധ ഫണ്ടുകളിലൂടെ കെട്ടിടങ്ങൾ നിലവിൽ വന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഷിഫ്റ്റ് സമ്പ്രദായം ആക്കുകയായിരുന്നു. 1990 ൽ ഇരുനിലക്കെട്ടിടത്തിന്റെ ആവിർഭാവത്തോടെയാണ് ഷിഫ്റ്റ് സമ്പ്രദായം അവസാനിച്ചത്. SSLC വിജയം 19% വരെ താഴ്ന്ന അവസ്ഥ ഉണ്ടായിരുന്നു. തീവ്ര പഠന പദ്ധതികളിലൂടെ അത് 99.9% വരെ ആയി ഉയർന്നു.

| | | | | |
|---|---|---|---|---|
| 2014-15 97% | 2015-16 90% | 2016-17 80% | 2018 – 98% | 192019-20 100% |
| 2020-21 98% | 2021-22 95% | 2022-23 99.9% | 2023-24 99.9% | 2024-25 99.9% |

2024-25 ൽ എസ് എസ് എൽ സി ക്ക് 10 Full A+, 2 Nine A+, 4 Eight A+ കരസ്ഥമാക്കി.

| | **LSS RESULT** | **USS RESULT** | **NMMS** |
|---|---|---|---|
| 2019-20 | 17 | 3 | |
| 2020-21 | 13 | 10 | |
| 2021-22 | 6 | 2 | 1 |
| 2022-23 | | 9 | 1 |
| 2023-24 | 14 | 4 | 1 |
| 2024-25 | 18 | 14 | 2 |

JRC യൂനിറ്റ് സജീവമായി നടക്കുന്നു. 2025 ൽ രാജ്യപുരസ്കാർ അവാർഡ് 5 വിദ്യാർത്ഥികൾ നേടി. 2016 ൽ ഒരു വിദ്യാർത്ഥിക്ക് രാഷ്ട്രപതി അവാർഡും ,4 വിദ്യാർ ത്ഥികൾക്ക് രാജ്യപുരസ്കാർ കരസ്ഥമാക്കാനും സാധിച്ചു. കലാമേഖലയിലും സ്കൂളിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്. 2016,2017 ൽ സംസ്ഥാന തലതതിൽ

മദ്ദളകേളിയിൽ എ ഗ്രേഡ് നേടി. സംസ്ഥാന സ്കൂൾ ശാസ്ത്ര മേളയിൽ 2014 ൽ മൂന്നാം സ്ഥാനവും , 2016 ൽ ഒന്നാംസ്ഥാനവും , 2024 ൽ ഫസ്റ്റും എ ഗ്രേഡും സയൻ സ് മാഗസിൻ കരസ്ഥമാക്കി. 2017 ൽ ഗണിതമാഗസിന് മൂന്നാം സ്ഥാനം ലഭിച്ചു.

ദിനാചരണങ്ങൾ വളരെ നല്ല രീതിയിൽ സ്കൂളിൽ നടന്നുവരുന്നു. എഴുത്ത് മാസിക നിർമ്മാണം കലാപഠനം എന്നിവയും കാര്യക്ഷമമായി നടക്കുന്നുണ്ട്.

2024-25 Improvised Experiment വിഭാഗത്തിൽ പങ്കെടുക്കുകയും എ ഗ്രേഡ് നേടുകയും ചെയ്തു. ഭിന്നശേഷിക്കാരുടെ സംസ്ഥാനതല ഓട്ട മത്സരത്തിൽ മുഹമ്മദ് ഷമ്മാസ് ഒന്നാം സ്ഥാനം നേടി. വിദ്യാരംഗം കലാ സാഹിത്യവേദിയിൽ സംസ്ഥാനതലത്തിലേക്ക് രണ്ടു കുട്ടികൾ തെരഞ്ഞെടുക്കപ്പെടുകയും ഹൈസ്കൂൾ വിഭാഗത്തിൽ അഭിനയത്തിൽ സാരംഗിയും ജലച്ഛായത്തിൽ സാബിത്തും ഒന്നാം കരസ്ഥമാക്കുകയും ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിലെ കലാ അധ്യാപകനായ ശ്രീ സുരേഷ് കാട്ടിലങ്ങാടി ക്ക് സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ചത് സ്കൂളിന്റെ ഒരു മികച്ച നേട്ടമാണ്.

കാർഷിക പരിസ്ഥിതി മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2017-18 വർഷത്തെ പച്ചക്കറി കൃഷി വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കിയ മികച്ച പൊതു സ്ഥാപനത്തിനുള്ള ജില്ലാതല അവാർഡ് ജി.എച്ച്.എസ്.എസ് കാട്ടിലങ്ങാടിക്ക് ലഭിച്ചു. 2017 -18 ൽ നമ്മുടെ സ്കൂളിനെ ദേശിയ ഹരിത സേന യുടെ ഏറ്റവും മികച്ച സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു.

2024-25 ൽ സ്ഥാപിച്ച മഹാത്മാ ഗാന്ധിയുടെ അർദ്ധകായപ്രതിമ സ്കൂളിന്റെ പ്രൗഢി കാത്തുസൂക്ഷിക്കുന്നതോടൊപ്പം ഗാന്ധിപാർക്കും, ശിൽപ്പങ്ങളും , ഉദ്യാനവും സ്കൂളിന്റെ മനോഹാരിതക്ക് മിഴിവേകുന്നു.

# CREATIVE CORNER

അപ്പർ പ്രൈമറി കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകമാക്കുന്നതിനും അവരിൽ ജീവിത നൈപുണി വളർത്തിയെടുക്കുന്നതിനും വിവിധ തൊഴിൽബന്ധിത പ്രവർത്തനങ്ങളെ ഉൾച്ചേർത്തുകൊണ്ടുള്ള നൂതനപദ്ധതിയായ ക്രിയേറ്റീവ് കോർണർ സജീവമായി നടന്നു വരുന്നു.

# INCLUSIVE EDUCATION

എല്ലാ തലത്തിലുമുള്ള കുട്ടികളും അവരുടെ കഴിവുകൾ, വൈകല്യങ്ങൾ, പശ്ചാത്തലങ്ങൾ എന്നിവ പരിഗണിക്കാതെ ഒരേ ക്ലാസ്സ് മുറിയൽ ഒരുമിച്ച് പഠിക്കുന്ന സമീപനമാണിത്. 2023 മുതൽ ഈ പദ്ധതി കാര്യക്ഷമമായി നടന്നുപോരുന്നു.

# TINKERING LAB

യുവമനസ്സുകളെ ചിന്തകരും പുതുമയുള്ളവരും ആക്കി മാറ്റാൻ ലക്ഷ്യമിട്ടിട്ടുള്ളതാണിത്. വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതിക വിദ്യകളായ AI , ROBOTICS, 3 D PRINTING, ELECTRONICS എന്നിവയിൽ വിദഗ്ധരുടെ നേതൃത്വത്തിൽ സ്കൂളിൽ വെച്ച് ക്ലാസ്സും ട്രെയ്നിംഗും നൽകുന്ന ഈ പദ്ധതി April 2023 മുതൽ പ്രവർത്തനം ആരംഭിച്ചു.

# BHAVIKA

ദേശീയതലത്തിലുള്ള മത്സരപരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിനു വേണ്ടിയിട്ടുള്ളതാണ് ഈ പദ്ധതി. എട്ടാം ക്ലാസ്സിലെ കുട്ടികളിൽ ആണിത് നടപ്പിലാക്കുന്നത്. യോഗ, ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം, സാമൂഹ്യശാസ്ത്രം, ഗണിതം പോലുള്ള വിഷയങ്ങളിൽ കുട്ടികളെ ഉയർന്ന തലത്തിലെത്തിക്കുന്നതിനായി എല്ലാ ദിവസവും ഉച്ചക്ക് അര മണിക്കൂർ ഓൺലൈൻ ക്ലാസ്സാണ് നടത്താറുള്ളത്.

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1 | ഭാഷാപഠനം ഏറെ ആയാസരഹിതവും ആഹ്ലാദകരവുമാക്കി മാറ്റുക | പ്രീ ടെസ്റ്റ് , അക്ഷരം ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമ്മാണം, പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | രണ്ട് മാസം ഒരു വർഷക്കാലം | SRG, മലയാളം അധ്യാപകർ | പി.ടി.എ ഡിപ്പാർട്ട് മെന്റ് |
| 2 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കുക ക്ലാസ്സ് ലൈബ്രറി രൂപീകരണം, ക്ലാസ്സ് നിലവാരത്തിനനുസരിച്ച്, പുസ്തകങ്ങൾ ലഭ്യമാക്കൽ, റീഡിംഗ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ, വായനോത്സവം, ജന്മദിന പുസ്തകം | ആറ് മാസം, 1 വർഷം | വിദ്യാരംഗം ക്ലബ്ബ് എസ് ആർ ജി, മലയാളം അധ്യാപകർ | പി.ടിഎ വിവിധ ക്ലബ്ബുകൾ |
| 3 | പത്രവായന പരിപോഷിപ്പിക്കൽ | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം, പത്രവായന, പരമാവധി പത്രങ്ങൾ, സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ, ഓരോ ക്ലാസ്സിനും ഓരോ പത്രം | ദിവസേന | മലയാളം എസ് ആർ ജി | പി.ടി.എ |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 7 | നൈസർഗ്ഗിക ശേഷികളുടെ പ്രകടനം സാധ്യമാക്കുക | ജി.എച്ച്.എസ്.എസ്. കെ റേഡിയോ നിലയം, വിജ്ഞാനത്തിനും സാഹിത്യ പരമായ സർഗ്ഗാത്മക കഴിവുകളുടെ പ്രകടനത്തിനും അവസരം ഒരുക്കുന്ന പരിപാടി, സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കേൾക്കത്തക്കവിധം വെള്ളിയാഴ്ചകളിൽ ഉച്ചക്ക് നടത്തുന്നു | ആഴ്ചയിലൊരിക്കൽ | അധ്യാപകർ | പി.ടി.എ |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4 | എഴുത്തുമാസിക, പതിപ്പ്, എന്നിവ തയ്യാറാക്കൽ | ക്ലാസ്സ് തല മാസികകൾ, മത്സരാടിസ്ഥാനത്തിൽ തയ്യാറാക്കൽ, പാഠങ്ങൾക്കനുസൃതമായി പതിപ്പുകൾ വായനാക്കുറിപ്പുകൾ, തയ്യാറാക്കൽ | 1 വർഷം | മലയാളം ക്ലബ്ബ്, ആഭിമുഖ്യമുള്ള അധ്യാപകർ | പി.ടി.എ |
| 5 | സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ സാഹിത്യക്വിസ്, കവിതാലാപന മത്സരം, പുസ്തക ചർച്ച , ഇ വായന, അമ്മമാർക്കൊരുപുസ്തകം (വീട്ടുകളിലേക്ക് കുട്ടികൾ വശം നൽകൽ) | മാസത്തിലൊരിക്കൽ | എസ് ആർ ജി വിവിധ ക്ലബ്ബുകൾ | പി.ടി.എ |
| 6 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ പരിചയപ്പെടുത്തൽ, ക്ലാസ്സ് തലത്തിൽ പ്രസംഗം, സംവാദം, എന്നിവ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കൽ, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ, പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ ഒരുക്കൽ | വർഷം മുഴുവൻ | SRG | പി ടി എ |

Scanned with OKEN Scanner

# അറബിക്

## ആമുഖം

തനതായ പ്രാധാന്യം ഓരോ ഭാഷകളെ വേറിട്ടു നിർത്തുന്നു. ഓരോ ഭാഷയും ഓരോ സംസ്ക്കാരമാണ്. കേരളത്തിലെ ഒട്ടനവധി ജനങ്ങൾ തൊഴിൽ പരമായി വിദേശ രാജ്യങ്ങളിലാണ്. വിദേശ വരുമാനത്തിന്റെ നല്ലൊരു ശതമാനവും അവരിലൂടെയാണ് ലഭ്യമാകുന്നത്. അറബി പഠനം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഭാവി ജീവിതത്തിന് തൊഴിൽപരമായ അവസരങ്ങളുടെ സാധ്യതയുണ്ടാക്കുന്നുണ്ട്.

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ വായനക്കൂട്ടം, മികച്ച വായനക്കാരൻ, മികച്ച എഴുത്തുക്കാരൻ തുടങ്ങിയ പദ്ധതികൾ സ്കൂളിൽ നടന്നുവരുന്നുണ്ട്. ഭിന്നശേഷിക്കാരെ പ്രത്യേക പരിഗണിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- അറബി പഠിക്കുന്ന കുട്ടികൾക്ക് അത് വേണ്ട വിധത്തിൽ എഴുതാനും വായിക്കാനുള്ള പ്രാവിണ്യമുണ്ടാക്കുക.
- ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാവരിലും എത്തി എന്ന ഉറപ്പുവരുത്തുക
- അറബി ഭാഷയോട് പ്രത്യേകമായ താൽപര്യം ഉണ്ടാക്കിയെടുക്കുക.
- അറബിയിൽ പാടാനും പറയാനും കഴിവുള്ള കുട്ടികൾക്ക് അതിനുള്ള അവസരമായി രണ്ടാഴ്ചക്കൊരിക്കൽ ചേരുന്ന ആസ്വാദനസഭയുടെ പ്രവർത്തനം സജീവമാക്കുക.
- മുഴുവൻ കുട്ടികൾക്കും സ്വന്തമായി ലഘുവാക്യങ്ങൾ എഴുതാനും വായിക്കാനുമുള്ള പ്രാപ്തി കൈവരുത്തുക.

Scanned with OKEN Scanner

# GHSS കാട്ടിലങ്ങാടി

## അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | [illegible]<br>ആഗസ്റ്റ് | [illegible]<br>സൗണ്ട് ബോക്സ് | അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ജനുവരി | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി<br>പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ഫെസ്റ്റ്** | | ഡിസംബർ | സി.ഡി,<br>കമ്പ്യൂട്ടർ,ടിവി,<br>പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

Scanned with OKEN Scanner

# ഇംഗ്ലീഷ്

## ആമുഖം

ഇംഗ്ലീഷ് ഭാഷാവിജ്ഞാനം വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകമാണ് എന്നു കരുതുന്ന സമൂഹമാണ് ഇന്നുള്ളത്. ഉന്നത. വിദ്യാഭ്യാസത്തിനായാലും വിദേശ ജോലിക്കായാലും ഇംഗ്ലീഷ് പരിജ്ഞാനം അത്യന്താപേക്ഷിതമാണ്. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം തികച്ചും ഗ്രാമീണപശ്ചാത്തലത്തിൽ ജീവിക്കുന്ന, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിൽ നിന്നും വരുന്നവരാണ് ഏറെയും. മാതൃഭാഷയിൽ നിന്നും തികച്ചും വിഭിന്നമായ ആംഗലേയഭാഷ വിദ്യാർത്ഥികളിൽ എത്തിക്കാനുള്ള ബുദ്ധിമുട്ടുകൾ ഏറെയാണ്. പ്രൈമറിതലത്തിൽ തന്നെ അക്ഷരജ്ഞാനവും വായിക്കുവാനുള്ള കഴിവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ പ്രധാനലക്ഷ്യം. ഭാഷ മനസ്സിലാക്കി വിവിധ തലങ്ങളിൽ പ്രയോഗിക്കേണ്ട കഴിവ് നേടുകയെന്നത് അത്യാവശ്യമാണ്. വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലുമായി ഇതു ബന്ധപ്പെട്ടുകിടക്കുന്നു.

## പ്രശ്നങ്ങൾ

- വിദ്യാർത്ഥികൾക്ക് ആവശ്യമായ മുന്നറിവ് ഇല്ലാതിരിക്കുക.
- ഇംഗ്ലീഷിന് ഒരു പഠന വിഷയമെന്നതിലുപരി അറിയാനുള്ള സാഹചര്യം ഇല്ലാതിരിക്കുക.
- യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഒരു ഭാഷയായി ഉപയോഗിക്കുന്നതിന് അവസരമില്ലാതിരിക്കുക.

## കാരണങ്ങൾ

- വിദ്യാർത്ഥികളുടെ താൽപര്യക്കുറവ്, അധ്യാപകരുടെ സമയക്കുറവ്, ക്ലാസ്സ്മുറിക്ക് പുറത്തേക്ക് വിദ്യാഭ്യാസം എത്താത്തത്.
- കുട്ടികൾക്ക് വായനയിൽ വേണ്ടത്ര താൽപര്യം ഇല്ലാതിരിക്കുക.
- പുസ്തകങ്ങൾ വേണ്ടത്ര പരിചയമില്ലാതിരിക്കുക
- അധ്യാപകൻ സിലബസ്സിൽ മാത്രം ഒതുങ്ങിപ്പോവുക
- സാഹചര്യങ്ങളുടെ ലഭ്യതക്കുറവ്, ആത്മവിശ്വാസക്കുറവ്.

## ലക്ഷ്യം

- ഭാഷാപ്രാവീണ്യം നേടുക.
- വാക്യഘടന മനസിലാക്കുക. ക്രിയാരൂപങ്ങൾ മനസ്സിലാക്കുക.
- ഉയർന്നതലത്തിലുള്ള ഭാഷാപ്രാവീണ്യം സാധ്യമാക്കുക. കേൾക്കുന്നത് ഗ്രഹിക്കാനുള്ള കഴിവ് വളർത്തൽ.

Scanned with OKEN Scanner

- ആസ്വാദ്യകരമായി ഭാഷാശേഷി വർദ്ധിപ്പിക്കൽ
- കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ.
- പദസമ്പത്ത് വർധിപ്പിക്കാൻ.
- ഇംഗ്ലീഷ് വ്യാകരണം രസകരമായി കുട്ടികളിൽ എത്തിക്കുന്നു.
- വായനാശീലം വളർത്തുക.
- കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ.
- സർഗ്ഗശേഷി വർധിപ്പിക്കുക.

## സ്കൂൾതല പ്രവർത്തനങ്ങൾ

- 01. ജൂൺ :
    1. ഇംഗ്ലീഷ്ക്ലബ് രൂപീകരണം
    2. വായനക്കളരി
- 02. ജൂലൈ :
    1. മുന്നേറ്റം
       ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മോഡ്യൂൾ തയ്യാറാക്കി പരിശീലനം
- 03. ആഗസ്റ്റ് :
    1. നാടകശില്പശാല (അഭിനയതാത്പര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന നാടകശില്പശാല)
- 04. സെപ്റ്റംബർ :
    1. ക്ലാസ്തലത്തിൽ കൈയ്യെഴുത്ത് മാസികനിർമ്മാണം
- 05. ഒക്ടോബർ :
    1. സാഹിത്യശില്പശാല (സാഹിത്യാഭിരുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാശില്പശാല)
- 06. നവംബർ :
    1. പുസ്തകവണ്ടി (ക്ലാസ്തലത്തിൽ വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുക)
- 07. ഡിസംബർ :
    1. ഏകദിന പഠനക്യാമ്പ് (ഭാഷാഭിമുഖ്യം വളർത്തുക എന്ന ഉദ്ദേശ്യം)
- 08. ജനുവരി :
    1. Language Lab പ്രവർത്തനങ്ങൾ (LSRW തലത്തിലുള്ള പ്രവർത്തനശേഷി വർദ്ധിപ്പിക്കൽ)
- 09. ഫെബ്രുവരി :
    1. പഠനോത്സവം (കുട്ടികൾ പഠനത്തെളിവുകളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നു.)

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ-ഹിന്ദി

## ഭാഷാവികാസം

<u>ലക്ഷ്യങ്ങൾ</u>

**1.അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക**

**2.കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.**

**3.ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും,സർഗാത്മകരചനകൾ**

വികസിപ്പിക്കാനുമുള്ള അവസരം നൽകുക.

**4.എല്ലാകുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.**

**5.സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ .**

**6.ഭാഷാശേഷിവികസനത്തിനായി**

ആധുനികസാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

**7.Language Lab**

Scanned with OKEN Scanner

മേഖല : അക്കാദമികം

## പൊതുവായ ലക്ഷ്യങ്ങൾ

✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ്സ്നേഹവും വളർത്തിയെടുക്കു.

✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ –<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |



Scanned with OKEN Scanner

# മേഖല എഫ്. എസ് . ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 8,9 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |



Scanned with OKEN Scanner

## മേഖല എഫ്. എസ് . ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 8,9 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |



Scanned with OKEN Scanner

# ജി.എച്ച്.എസ് .എസ് .കാട്ടിലങ്ങാടി

## മാസ്റ്റർപ്ലാൻ - സയൻസ്

**ആമുഖം**

മനുഷ്യൻ ഈ നിമിഷം വരെ നേടിയെടുത്ത അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം ശാസ്ത്ര ബോധനമാണ് മനുഷ്യനെ വെളിച്ചത്തിലേക്ക് നയിക്കുന്നത്.യുക്തമായ ചോദ്യങ്ങൾ ചോദിക്കുന്നതിലൂടെയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിലൂടെയും സമഗ്ര വിശകലനം നടത്തുന്നതിലൂടെയും ശാസ്ത്രപഠനം ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും .വിവിധ ചൂഷണങ്ങൾക്കും തട്ടിപ്പുകൾക്കും അന്ധ വിശ്വാസങ്ങൾക്കും കീഴടങ്ങാതെയുള്ള സമൂഹത്തെ വാർത്തെടുക്കുന്ന രീതിയിൽ ശാസ്ത്രപഠനം മെച്ചപ്പെടുത്തേണ്ടതുണ്ട്

**ലക്ഷ്യങ്ങൾ**

- നിരീക്ഷണ പാടവം,ജിജ്ഞാസ,കൗതുകം എന്നിവ പരിപോഷിപ്പിക്കുക
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- നിരന്തര വീക്ഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തുക.
- പുതിയ സാങ്കേതിക വിദ്യകളായ നിർമ്മിത ബുദ്ധി ,റോബോട്ടിക്സ്, 3D പ്രിന്റിംങ്,ഇലക്ട്രോണിക്സ്,എന്നിവയിലെ ആശയങ്ങൾ ശാസ്ത്ര പഠനത്തിന് പ്രയോജന പ്പെടുത്തുക.
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക
- ശാസ്ത്രവുമായി ബന്ധപ്പെട്ട സൃഷ്ടികളുടെ ശേഖരം ഉപയോഗിച്ച് പതിപ്പ്-അതിന്റ വികസിത രൂപമായ ശാസ്ത്ര മാസിക എന്നിവ തയ്യാറാക്കൽ
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സാധ്യമാക്കൽ
- തെരെഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനായി ഗവേഷണ കേന്ദ്രങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക
- പഠനോപകരണ നിർമ്മാണ ശിൽപശാല സംഘടിപ്പിക്കുക
- ജൈവവൈവിധ്യ ഉദ്യാനം വിപുലപ്പെടുത്തൽ
- കൃഷി സാധ്യതകൾ,പ്രയോഗം എന്നിവയെ പറ്റിയുള്ള ധാരണ കൈവരിക്കുന്നതിനായി കാർഷിക വിദഗ്ദ്ധരുടെ ക്ലാസ് സംഘടിപ്പിക്കുക
- ഊർജ്ജ സംരക്ഷണത്തിന്റ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക
- ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുക
- പ്രകൃതിയിലെ ജൈവ സമ്പന്നതാ സംരക്ഷണം - സുസ്ഥിര വികസനം മലിനീകരണം-ആഗോളതാപനം എന്നിവയെപറ്റിയുള്ള ധാരണ കൈവരിക്കുക
- ആരോഗ്യം-ശുചിത്വം എന്നിവ വേണ്ട വിധം ബോധ്യപ്പെടുത്തുന്നതിന് ശാസ്ത്ര വിദ്യാഭ്യാസം ലക്ഷ്യമിടുന്നു

**പ്രശ്നങ്ങൾ /പരിമിതികൾ**

**അകാദമിക്**

- ശാസ്ത്ര വിഷയങ്ങളോട് കുട്ടികൾക്ക് ആഭിമുഖ്യം കാണിക്കാത്ത സ്ഥിതി.
- മറ്റു പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സമയം കിട്ടാത്ത അവസ്ഥ.
- സയൻസ് പഠനത്തിലൂടെ ലക്ഷ്യമാക്കുന്ന ശേഷികൾ നേടാൻ കഴിയാത്ത അവസ്ഥ
- ഐ.സി.ടി.സാധ്യതകൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
- ശാസ്ത്രപഠനങ്ങൾക്കാവിശ്യമായ മാതൃകകൾ (ത്രീ ഡി) ലഭ്യമല്ല.
- പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്ന മോഡലുകൾ,ചാർട്ടുകൾ തുടങ്ങിയവ സുരക്ഷിതമായി സൂഷിക്കാൻ ഇടമില്ല
- സയൻസ് വിഷയങ്ങളുടെ ലാബ് പ്രവർത്തനത്തിന് പ്രത്യേക പീരിയഡുകളുടെ കുറവ്.
- ഫിസിക്കൽ സയൻസ്,രസതന്ത്രം,ജീവശാസ്ത്രം,തുടങ്ങിയ ലാബുകളുടെ നടത്തിപ്പിനാവശ്യമായ പരീക്ഷണ സാമഗ്രികളുടെ മതിയായ ലഭ്യത ക്കുറവ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.നിരീക്ഷണപാടവം,ജിജ്ഞാസ ശാസ്ത്രീയവീക്ഷണം വിശകലനം,നിഗമനത്തിലെത്തിച്ചേരൽ എന്നിവ പരിപോഷിപ്പിക്കുക | .ശാസ്ത്രതത്വങ്ങൾ ലഘുവായ രീതിയിൽപരീക്ഷണങ്ങളിലൂടെ കുട്ടികളിലെത്തിക്കൽ<br>.പരീക്ഷണങ്ങളും ഉൽപ്പന്നങ്ങളും പ്രദശിപ്പിക്കൽ<br>.ഗവേഷണാത്മകത പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം (സർവ്വെ,അഭിമുഖം നിരീക്ഷണം)<br>.ശാസ്ത്രമേളകളിൽ ശാസ്ത്ര നാടകം,പരീക്ഷണങ്ങൾ, എന്നിവ ഉൾപ്പെടുത്തൽ | വർഷത്തിൽ ഒരിക്കൽ<br>വർഷത്തിൽ ഒരു തവണ<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | - |
| 2.പുതിയ സാങ്കേതിക വിദ്യകളായ നിർമ്മിത ബുദ്ധി റോബോട്ടിക്സ്, 3D പ്രിന്റിംങ്,ഇലക്ട്രോണിക്സ്,എന്നിവയിലെ ആശയങ്ങൾ | ടിങ്കറിംങ് ലാബിന്റെ പ്രവർത്തനം<br>ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രവർത്തനം(ശാസ്ത്ര മാഗസിൻ നിർമ്മാണം) | വർഷത്തിൽ ഒരു തവണ | ടിങ്കറിംങ് ലാബ്<br>ലിറ്റിൽ കൈറ്റ്സ് ക്ലബ് | - |

| | | | | |
|---|---|---|---|---|
| പഠനത്തിന് പ്രയോജനപ്പെടു<br>ത്തുക. | | | | |
| 3.ശാസ്ത്ര പഠനത്തിൽ<br>കുട്ടികളിൽ താൽപര്യം വളർ<br>ത്തുക<br>ശാസ്ത്രാഭിരുചി വളർത്തുക<br>.പഠനവിഷയങ്ങളിൽ പിന്നാക്കം<br>നിൽക്കുന്നവരെ കണ്ടെത്തി പ<br>രിശീലനവും പ്രോത്സാഹനവും<br>ഉറപ്പുവരുത്തുക | പാഠ്യഭാഗങ്ങൾ ലളിതമായ<br>രീതിയിൽ ശിശു കേന്ദ്രീകൃ<br>തമാംവണ്ണം ക്ലാസ്റൂംമുകളിൽ<br>പ്രാവർത്തികമാക്കുക.<br>ലഘു പരീക്ഷണങ്ങൾ ക്ലാസ<br>റൂമുകളിൽ ചെയ്യിപ്പിച്ചു<br>കൊണ്ട് നിരീക്ഷണത്തിലൂ<br>ടെയും വിശകലനത്തിലൂടെ<br>യും<br>നിഗമനത്തിലെത്തിച്ചേരുക<br>പ്രോത്സാഹനം നൽകുക. | ആവശ്യമുള്ള<br>സന്ദർഭങ്ങളി<br>ൽ | ശാസ്ത്ര<br>അധ്യാപകർ | - |
| 4.ശാസ്ത്ര ഗവേഷണ അഭിരുചി<br>വളർത്തുന്നതിനായി ഗവേഷണ<br>കേന്ദ്രങ്ങളിലേക്ക് പഠനയാത്ര<br>സംഘടിപ്പിക്കുക | പഠനയാത്ര<br>ഗവേഷകരുമായുള്ള<br>സംവാദം | വർഷത്തിൽ<br>ഒരു തവണ | ബന്ധപ്പെട്ട<br>അധ്യാപകർ | - |
| 5.പഠനോപകരണ നിർമ്മാണ<br>ശിൽപശാല സംഘടിപ്പിക്കുക | ഭൗതികശാസ്ത്രം,രസത<br>ന്ത്രം,ജീവശാസ്ത്രം തുടങ്ങി<br>യ ശാസ്ത്ര വിഷയങ്ങളിൽ<br>ഉൾപ്പെടുന്ന പഠന സാമഗ്രി<br>കളുടെ നിർമ്മാണം കുട്ടികളു<br>ടെ പ്രാതിനിധ്യം ഉറപ്പു<br>വരുത്തി സംഘടിപ്പിക്കുക | വർഷത്തിൽ<br>ഒരു തവണ | സയൻസ്<br>ക്ലബ് | |
| 6.ജൈവവൈവിധ്യ ഉദ്യാനം<br>വിപുലപ്പെടുത്തൽ | ഔഷധ സസ്യങ്ങൾ ഉൾ<br>പ്പെടുത്തി ഉദ്യാനം ക്രമീക<br>രിക്കുക<br>ഫലസസ്യതൈകളുടെ<br>വിതരണം | 6 മാസം | പരിസ്ഥിതി<br>ക്ലബ്<br>സയൻസ്<br>ക്ലബ് | |
| 7.കൃഷി സാധ്യതകൾ പ്രയോഗം<br>എന്നിവ മെച്ചപ്പെടുത്തുക | കാർഷിക വിദഗ്ദ്ധരുമായുള്ള<br>സംവാദം- ചർച്ച –ക്ലാസ്<br>എന്നിവ സംഘടിപ്പിക്കുക<br>കൈവരിച്ച അറിവുകൾ കൃ<br>ഷിയിടത്തിൽ പ്രാവർത്തിക<br>മാക്കൽ | 6 മാസം<br>1 വർഷം | പരിസ്ഥിതി<br>ക്ലബ്<br>സയൻസ്<br>ക്ലബ് | |

| | | | | |
|---|---|---|---|---|
| 8.ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക | "വൈദ്യുതി ഉപയോഗം നീയന്ത്രണം" എന്നവിഷയത്തിൽ ബോധവൽക്കരണം മീറ്റർ റീഡിംഗ് നിരീക്ഷണം ജലത്തിന്റെമിതമായ ഉപയോഗത്തെപ്പറ്റി ബോധവൽക്കരണം | 6 മാസക്കാലം | ബന്ധപ്പെട്ട അധ്യാപകർ | |
| 9.ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കൽ | ലഹരി വിരുദ്ധ ആചരണത്തോനുബന്ധിച്ചുള്ള ചിത്രപ്രദർശനം ലഹരി വിരുദ്ധ റാലി | | ലഹരിവിരുദ്ധ ക്ലബ് പരിസ്ഥിതി ക്ലബ് , സയൻസ് ക്ലബ് | |
| 10.ജൈവവൈവിധ്യ സംരക്ഷണം സുസ്ഥിര വികസനം - മലിനീകരണം ആഗോള താപനം എന്നിവയെപ്പറ്റിയുള്ള ധാരണ കൈവരിക്കുക. | പരിസ്ഥിതി ദിനാചരണവുമായിബന്ധപ്പെട്ട ചിത്ര പ്രദർശനം പ്ലാസ്റ്റിക്ക് ഉപയോഗത്തിനെതിരെ ഉള്ള ബൈസൈക്കിൾ റാലി | ആവശ്യമുള്ള സന്ദർഭത്തിൽ | പരിസ്ഥിതി ക്ലബ് , സയൻസ് ക്ലബ് | |
| 11.ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് - ശുചിത്വപരമായ ജീവിതശൈലി പ്രാപ്തമാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | ആരോഗ്യവുമായി ബന്ധപ്പെട്ടദിനാചരണങ്ങൾ ആരോഗ്യ വിദഗ്ദ്ധരുടെ ബോധവൽക്കരണ ക്ലാസുകൾ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് ജെ.ആർ.സി | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

### Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

### Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• ‘0’ യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without ‘0’ the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

Downloaded from: https://textbooksall.blogspot.com/

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

Downloaded from: https://textbooksall.blogspot.com/

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

കലാ വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26

| നം. | മാസം | പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 1. | ജൂൺ | • ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികള പരിചയപ്പെടൽ<br>• വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസിലാക്കൽ<br>• പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം<br>• വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരെയും പരിചയപ്പെടൽ | • വാർലി ചിത്രപ്രദർശനം<br>• കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു.<br>• സ്കൂളും പരിസരവും ചിത്രീകരിച്ച പ്രദർശിപ്പിക്കുന്നു<br>•<br>• വ്യത്യസ്ത സംഗീത രൂപങ്ങളെയും കലാകാരന്മാരെയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം | ക്ലാസ്സ് 09<br>ക്ലാസ്സ് 08<br>ക്ലാസ്സ് 08<br>ക്ലാസ്സ് 08,09, 10<br>ക്ലാസ്സ് 08,09, 10 |
| | | | ജൂലൈ :29-വാൻഗോഗ് ഓർമ്മദിനം<br><br>ജൂലൈ: 31-കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം | |

| | | | | |
|---|---|---|---|---|
| 2. | ജൂലൈ | ● പ്രശസ്ത കലാ പ്രതിഭകളെ പരിചയപ്പെടുന്നു | ● ഈ ദിനങ്ങളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള പ്രസന്റേഷൻ അവതരണം<br>● പ്രശസ്ത ചലച്ചിത്രകാരൻ അകിരാ കുറസോവയുടെ വാൻഗോഗിനെക്കുറിച്ചുള്ള ചലച്ചിത്ര പ്രദർശനം | ക്ലാസ്സ് 08,09, 10 |
